പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 999. 02.12.2015 ന് മറുപടിയ്ക്ക്.

*പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.ക്ക് കെട്ടിടം*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. പെരിങ്ങോം ഐ.ടി.ഐ. സ്ഥാപിക്കുന്നതിലേയ്ക്കായി അനുവദിക്കപ്പെട്ട ബ്ലോക്ക് നമ്പർ 39 റീസർവ്വേ-51 ൽപ്പെട്ട 2.0235 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ലഭ്യമായ 350 ലക്ഷം രൂപയുടെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് വേണ്ടി പയ്യന്നൂർ പി.ഡബ്ല്യുഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഐ.ടി.ഐ. പ്രിൻസിപ്പാൾ നിർദ്ദേശം നൽകുകയും ആയത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും പ്ലാനും എസ്റ്റിമേറ്റും എത്രയും പെട്ടെന്ന് തയ്യാറാക്കുന്നതാണെന്ന് അറിയിക്കുകയുമുണ്ടായി. നിലവിൽ പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ ക്ണ്ടെത്തുന്നതിനുള്ള ക്വട്ടേഷൻ നടപടികൾ പി.ഡബ്ല്യു.ഡി അധികൃതർ സ്വീകരിച്ചുവരുന്നു. |
| (ബി) കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) ഉണ്ട്. പെരിങ്ങോം ഐ.ടി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി നടപ്പ് സാമ്പത്തിക വർഷം പി.ഡബ്ല്യുഡി ശീർഷകമായ '4202-02-800-95-Civil works(P)2015-16' എന്ന ശീർഷകത്തിൽ ജി.ഒ (ആർ.ടി) നം.1318/2015/തൊഴിൽ തീയതി 25.09.2015 പ്രകാരം 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ